# കേരള കാർഷിക സർവ്വകലാശാല
## പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
## അമ്പലവയൽ, വയനാട്

**നമ്പർ: സി–2667/17** **തീയതി: 24.10.2018.**

**ടെൻഡർ നോട്ടീസ്**

**ഈ സ്ഥാപനത്തിലെ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി വിമുക്ത ഭടൻമാരായ പുരുഷ സെക്യൂരിറ്റി ഗാർഡുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. സ്ഥാപനങ്ങൾ GST രജിസ്ട്രേഷൻ ഉള്ളവ ആയിരിക്കണം. GST നമ്പർ ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കണം.**

**വിമുക്ത ഭടൻമാരായ സെക്യൂരിറ്റി ഗാർഡുകളെ നൽകുന്നതിന് ടെൻഡർ നിബന്ധനകൾ**

- **അസോസിയേറ്റ് ഡയറക്ടർ, ആർ.എ.ആർ.എസ്, അമ്പലവയൽ** എന്ന വിലാസത്തിൽ **15.11.2018** ന് ഉച്ചയ്ക്ക് 2.30 മണിക്ക് മുമ്പ് നിർദ്ദിഷ്ട ഫോറത്തിലുള്ള ടെൻഡറുകൾ എത്തിക്കേണ്ടതാണ്. അന്നേദിവസം 3.00 മണിക്ക് ടെൻഡറുകൾ തുറക്കുന്നതാണ്. ടെൻഡർ അടക്കം ചെയ്ത, സീലു വെച്ച കവറിനുപുറത്ത് **പുരുഷ സെക്യൂരിറ്റി ഗാർഡുകളെ നൽകുന്നതിനുള്ള** ടെൻഡർ എന്ന് എഴുതിയിരിക്കേണ്ടതാണ്.
- **ടെൻഡറിനോടൊപ്പം ടെൻഡർ വിലയായി 2500/– + ജി.എസ്.റ്റി 12% = 2800 രൂപ ഡി.ഡി ഉള്ളടക്കം ചെയ്തിരിക്കണം.**
- ടെൻഡറിനോടൊപ്പം **നിരതദ്രവ്യമായി Rs. 10,000/–** (പതിനായിരം രൂപ മാത്രം) രൂപയുടെ ഡി.ഡി സമർപ്പിക്കേണ്ടതാണ്.
- ടെൻഡർ വില, നിരതദ്രവ്യം എന്നിവയ്ക്ക് പ്രത്യേകമായി ഡി.ഡി നൽകേണ്ടതാണ്.
- ഡി.ഡി, എ.ഡി.ആർ ആർ.എ.ആർ.എസ് അമ്പലവയലിന്റെ പേരിൽ എസ്.ബി.ഐ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന അംഗീകൃത ബാങ്കുകളുടെ ഡി.ഡി ആയിരിക്കണം.
- കരാറുകാരന്റെ ടെൻഡർ ഫോമിന്റെ അവസാന രണ്ടു പുറങ്ങളിലുള്ള മാതൃക എഗ്രിമെന്റ് പൂരിപ്പിച്ച 200/– രൂപയുടെ കേരള സർക്കാർ മുദ്രപ്പത്രത്തിൽ സമർപ്പിക്കേണ്ടതാണ്.
- ടെൻഡർ സമർപ്പിക്കുമ്പോൾ അതിൽ പേര്, ഒപ്പ്, മേൽവിലാസം, പാൻ നമ്പർ,ടിൻ നമ്പർ, ജി.എസ്.റ്റി നമ്പർ എന്നിവ രേഖപ്പെടുത്തിയിരിക്കണം. കൂടാതെ പ്രസ്തുത രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കണം.
- കരാറുകാരന്റെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്.
- നികുതി ഉൾപ്പെടെ ഒരു സെക്യൂരിറ്റി ഗാർഡിന് 8 മണിക്കൂർ ഡ്യൂട്ടിക്ക് ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ തുകയാണ് ടെൻഡറിൽ കാണിക്കേണ്ടത്.
- ടെൻഡറുകൾ നിശ്ചിത സമയത്ത് തുറക്കുന്നതാണ്. ആവശ്യമെങ്കിൽ അപ്പോൾ ഹാജരായിട്ടുള്ള ടെൻഡറുകാരിൽ നിന്നും തുക സംബന്ധിച്ച സന്ധിസംഭാഷണം നടത്തുന്നതും, പ്രസ്തുത തുക തൃപ്തികരമാണെങ്കിൽ മാത്രം സ്വീകരിക്കുന്നതുമാണ്.
- യാതൊരു കാരണവും കാണിക്കാതെ ടെൻഡർ അസ്ഥിരപ്പെടുത്തുന്നതിനും, നിർത്തിവെക്കുന്നതിനും സ്റ്റേഷൻ മേധാവിക്കുള്ള അധികാരം യാതൊരു കാരണവശാലും ചോദ്യം ചെയ്യുവാൻ പാടില്ലാത്തതാകുന്നു.
- കരാറുകാരൻ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും സേവനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.
- ഏതെങ്കിലും കാരണവശാൽ ടെൻഡർ തീയതി അവധി ദിവസമായി വരുന്ന പക്ഷം അതിനടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്ത് ടെൻഡർ നടത്തുന്നതായിരിക്കും.
- സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിലും ബാധകമാണ്. എല്ലാ കരാർ വ്യവസ്ഥകളും പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

- സെക്യൂരിറ്റി ജോലി ചെയ്യുന്നതിന്റെ കാലാവധി ടെൻഡർ അംഗീകരിക്കുന്ന തീയ്യതി മുതൽ കുറഞ്ഞത് ഒരു വർഷത്തേക്കായിരിക്കും.
- ടെൻഡർ ലഭിക്കുന്നവർ ഈ സ്ഥാപനത്തിലെ ആവശ്യകതയ്ക്ക് അനുസരിച്ച് വിമുക്ത ഭടൻമാരായ സെക്യൂരിറ്റി ഗാർഡുകളെ നൽകേണ്ടതാണ്.
- അംഗീകൃത സ്ഥാപനമാണെന്ന് തെളിയിക്കുന്ന രേഖകൾ ടെൻഡറിനോടൊപ്പം ഹാജരാക്കേണ്ടതാണ്
- ടെൻഡർ ലഭിക്കുന്നവർ അവരുടെ പാൻ കാർഡിന്റെ പകർപ്പ് നിർബന്ധമായും ആഫീസിൽ ഹാജരാക്കേണ്ടതാണ്.
- സെക്യൂരിറ്റി ഗാർഡുകളായി നിയോഗിക്കപ്പെടുന്നവർ രാവിലെയും രാത്രിയും ഷിഫ്റ്റ് പ്രകാരം ജോലി ചെയ്യുന്നുണ്ടെന്ന് കരാറുകാരൻ ഉറപ്പുവരുത്തേണ്ടതാണ്.
- ജോലിയ്ക്ക് നിയോഗിക്കപ്പെടുന്ന സെക്യൂരിറ്റി ഗാർഡുകൾ വിമുക്ത ഭടന്മാരാണെന്ന് തെളിയിക്കുന്ന ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് കരാറുകാരൻ ഹാജരാക്കേണ്ടതാണ്
- സെക്യൂരിറ്റി ഗാർഡുകളായി നിയോഗിക്കപ്പെടുന്നവർ 60 വയസിൽ താഴെ പ്രായമുള്ളവരും നല്ല കായിക ക്ഷമതയുള്ളവരുമായിരിക്കണം
- സെക്യൂരിറ്റി ജോലികൾ, ചുമതലപ്പെടുത്തിയ ഓഫീസറുടെ നിർദ്ദേശാനുസരണം നടത്തേണ്ടതും ഇത് കാര്യക്ഷമമായി നടക്കുന്നു എന്ന് ഓഫീസർ ഉറപ്പുവരുത്തേണ്ടതുമാണ്.
- ഒരുദിവസത്തിൽ 8 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി ഒരു സെക്യൂരിറ്റി ഗാർഡിനെ നിയോഗിക്കാൻ പാടില്ല.
- സെക്യൂരിറ്റി ഗാർഡുകളുടെ അശ്രദ്ധമൂലമോ, ഡ്യൂട്ടിയിലുള്ള വീഴ്ചമൂലമോ സ്ഥാപനത്തിന് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് തുല്യമായ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്
- ഈ സെക്യൂരിറ്റി കരാറും, തുടർന്നുള്ള സെക്യൂരിറ്റി ജീവനക്കാരുടെ സ്ഥാപനത്തിലുള്ള സേവനവും തികച്ചും താൽക്കാലികവും, കരാർ അംഗീകരിക്കുന്ന തീയ്യതിമുതൽ 1 വർഷകാലയളവിലേക്കുള്ളതും മാത്രമാണ്. ഇത് സംബന്ധിച്ച് ഭാവിയിൽ സ്ഥാപനത്തിൽ യാതൊരവകാശവും ഇവർക്കുണ്ടായിരിക്കുന്നതല്ല.
- ടെൻഡർ ലഭിക്കുന്നവർ ടെൻഡർ വർക്ക് ഓർഡർ ലഭിച്ച് ഏഴു പ്രവർത്തി ദിവസങ്ങൾക്കകം 200/- രൂപയ്ക്കുള്ള കേരള സർക്കാർ മുദ്ര പത്രത്തിൽ, സർവ്വകലാശാല നിഷ്കർഷിക്കും പ്രകാരം കരാർ ഉടമ്പടി ഒപ്പുവെയ്ക്കേണ്ടതും, 50000/- രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഡി.ഡിയായി എ.ഡി.ആർ ആർ.എ.ആർ.എസ് അമ്പലവയലിന്റെ പേരിൽ എസ്.ബി.ഐ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന വിധത്തിൽ സമർപ്പിണ്ടേതുമാണ്. സെക്യൂരിറ്റി തുക ബാധ്യതകൾ കഴിച്ച് കരാർ കാലാവധി കഴിഞ്ഞ ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ. സെക്യൂരിറ്റി തുക നൽകുന്ന മുറയ്ക്ക് നിരതദ്രവ്യം തിരികെ നൽകുന്നതായിരിക്കും.
- കരാർ ലഭിക്കുന്നയാൾ നിശ്ചിത സമയത്തിനുള്ളിൽ എഗ്രിമെന്റ്, സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ സമർപ്പിക്കാത്ത പക്ഷം ഇ.എം.ഡി സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാകുന്നതാണ്.
- സെക്യൂരിറ്റി സേവനം തൃപ്തികരമല്ലെങ്കിൽ കാരണം കാണിക്കാതെ കരാർ റദ്ദുചെയ്യുന്നതിനുള്ള അധികാരം സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ സെക്യൂരിറ്റി തുക സ്ഥാപനത്തിന് മുതൽക്കൂട്ടാകുന്നതുമാണ്.
- സെക്യൂരിറ്റി ഗാർഡുകളുടെ നിയന്ത്രണ ചുമതല ഒഴിച്ച് നിയമപരമായും, അല്ലാതെയുമുള്ള എല്ലാ ബാധ്യതകളും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും
- സെക്യൂരിറ്റി ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നവരുടെ തിരിച്ചറിയൽ രേഖകൾ കരാറുകാരൻ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം സെക്യൂരിറ്റി ഗാർഡുകൾ ക്രിമിനൽ കേസ്, കുറ്റകൃത്യങ്ങൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല എന്ന സത്യവാങ്മൂലവും അവരിൽ നിന്നും ശേഖരിച്ച് സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്.
- നിബന്ധനകളിൽ കാലാകാലങ്ങളിൽ വരുന്ന സർക്കാർ/വാഴ്സിറ്റി നിയമങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായി മാറ്റങ്ങൾ വരുത്തുന്നതിന് സ്ഥാപനത്തിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്
- സെക്യൂരിറ്റി കരാറുകാരന്റെ /സ്ഥാപനത്തിന്റെ ഇ.പി.എഫ്/ഇ.എസ്.ഐ/സർവ്വീസ് ടാക്സ്,ഇൻകം ടാക്സ് എന്നിവയുമായി ബന്ധപ്പെട്ട സാമ്പത്തിക നീതിന്യായ വ്യവഹാരങ്ങളിൽ സ്ഥാപനത്തിന് യാതൊരു വിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
- ഒരു മാസത്തെ സേവനത്തിനു ശേഷം എ.ഡി.ആർ, ആർ.എ.ആർ.എസ് അമ്പലവയലിന്റെ പേരിൽ ജി.എസ്.റ്റി ബിൽ നൽകുന്ന മുറയ്ക്ക് ഇൻവോയ്സിൽ നിന്നും നിയമാനുശൃതമായ ടാക്സുകൾ പിടിച്ചതിനു ശേഷം പെയ്മെന്റ് നടത്തുന്നതാണ്.
- കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ ഈ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

ടെൻഡർ അയയ്ക്കേണ്ട വിലാസം : അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
അമ്പലവയൽ, വയനാട്

**മറ്റു നിബന്ധനകൾ:**

നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല. ടെൻഡറുകൾ ടെൻഡർ ഫോമിൽ തന്നെ സമർപ്പിക്കേണ്ടതാണ്. ടെൻഡറുകൾ അവരവരുടെ ലെറ്റർ ഹെഡ്ഡിലോ, വെള്ള കടലാസിലോ തയ്യാറാക്കി അയക്കാവുന്നതാണ്. എറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും. ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ / നിർദ്ദേശങ്ങൾ അനുസരിച്ച് വിമുക്തഭടൻമാരായ സെക്യൂരിറ്റി ഗാർഡുകളെ നൽകേണ്ടതാണ്. അല്ലാത്ത പക്ഷം തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്. കാലാകാലങ്ങളിലെ സർക്കാർ/കാർഷിക വാഴ്സിറ്റി നിബന്ധനകൾ ഈ ടെൻഡറുകൾക്കും ബാധകമാണ്. ടെൻഡർ കാലയളവിൽ നിരക്ക് വർദ്ധന യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല. ടെൻഡർ തുറക്കുന്ന ദിവസം അവധി പ്രഖ്യാപിക്കപ്പെടുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ പ്രസ്തുത സമയത്ത് ടെൻഡർ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

ടെൻഡർ ഫോമുകൾ സർവ്വകലാശാല വെബ്സൈറ്റ് ആയ www.kau.in നിന്നും ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്.

(ഒപ്പ്)
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

പകർപ്പ് : നോട്ടീസ് ബോർഡ്
വിതരണത്തിന്

//ഉത്തരവിൻ പ്രകാരം//

Thahira Beegum T.A.
സെക്ഷൻ ഓഫീസർ

akm